പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 388

25.06.2014- ൽ മറുപടിക്ക്

"സുരക്ഷിത ആഹാരം- ആരോഗ്യത്തിനാധാരം" പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ<br>" കെ. അച്ചുതൻ<br>" സി. പി. മുഹമ്മദ്<br>" വർക്കല കഹാർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷ്യ സുരക്ഷാ വകുപ്പ് "സുരക്ഷിത ആഹാരം- ആരോഗ്യത്തിന് ആധാരം" പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പ്, "സുരക്ഷിത ആഹാരം - ആരോഗ്യത്തിന് ആധാരം" എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതി ഗവൺമെന്റിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിക്കായി 2014-15ലെ ബഡ്ജറ്റിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് ഈ പദ്ധതി, മിഷൻ 676 ന്റെ ആദ്യ നൂറു ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കുന്നതാണ്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | കേരളത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികളെ, സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകത, പുകവലിയുടെയും പുകയില ഉൽപന്നങ്ങളുടെയും ദോഷവശങ്ങൾ, കൃത്രിമ കളറുകൾ, ട്രാൻസ് ഫാറ്റി ആസിഡുകൾ, രുചിവർദ്ധക വസ്തുകൾ എന്നിവയടങ്ങിയ ആഹാരസാധനങ്ങളുടെ ദൂഷ്യവശങ്ങൾ, പഴവർഗ്ഗങ്ങളിലടങ്ങിയ രാസപദാർത്ഥങ്ങൾ, ജംഗ് ഫുഡിന്റെ ദൂഷ്യഫലങ്ങൾ എന്നിവയെപ്പറ്റി ബോധവൽക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| സി) | ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ, പൊതു വിദ്യഭ്യാസ വകുപ്പും, ഹയർ സെക്കന്ററി വിദ്യഭ്യാസ വകുപ്പുമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | ഓരോ ജില്ലയിലെയും തിരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് വേണ്ടിയുള്ള Training of Trainers(TOT) നടപ്പാക്കുന്നതാണ്. ഇതിനായി, |

| | | | |
|---|---|---|---|
| | | | ഭക്ഷ്യസുരക്ഷ മാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ എന്നിവ തയ്യാറാക്കുന്നതിനോടൊപ്പം, ഭക്ഷ്യസുരക്ഷയുടെ വിവിധ വശങ്ങളെപ്പറ്റി, കേരള ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഡോക്യുമെന്ററി ഫിലിം, മാജിക് ഷോ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങളും നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**